# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 319 06.01.2014-ൽ മറുപടിക്ക്**

ജനനി ജൻമരക്ഷ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ജോസഫ് വാഴക്കൻ | | **കുമാരി. പി.കെ. ജയലക്ഷ്മി**<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ജനനി ജൻമരക്ഷ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) & (സി) | പട്ടിക വർഗ്ഗക്കാർക്കിടയിലുള്ള പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി ഗർഭകാലത്തും പ്രസവ ശേഷവും അമ്മയുടെയും കുഞ്ഞിന്റേയും ആരോഗ്യം സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.<br>ഗർഭധാരണം നടന്ന് മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സാകുന്നതു വരെയുള്ള 18 മാസക്കാലം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം പ്രദാനം ചെയ്യുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി പ്രതിമാസം 1000/രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ ധന സഹായം മണിയോർഡർ ആയി നൽകി വരുന്നു. |
| (സി) | പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ ; | | |
| (ഡി) | ഏതെല്ലാം വകുപ്പുകളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പട്ടിക വർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ആഫീസർ**